നമ്പർ.എച്ച്.(3)/72538/2010/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി. 18.10.2010.

## സർക്കുലർ

വിഷയം:- 2010-ലെ മലയാള ദിനാഘോഷവും, ഭരണഭാഷാ വാരാഘോഷവും ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ-സംബന്ധിച്ച്-

സൂചന:- സർക്കാർ കത്ത് നം.13494/ഔ.ഭാ.4/10/ഉ.ഭ.പ.വകുപ്പിലെ 4/10/10-ലെ സർക്കുലർ.

-----------

കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ ഭാഗമായി, ഭരണഭാഷാ മാറ്റം ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ വിപുലമായ തോതിൽ വർഷം തോറും സംഘടിപ്പിച്ചുവരുന്ന പരിപാടിയാണ് മലയാളദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും.

എല്ലാവർഷവും നവംബർ '1' മലയാള ദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നത് സംബന്ധിച്ച് 18.3.2002-ൽ സ.ഉ.(അച്ചടിച്ചത്) നം.31/2002 ഉ.ഭ.പ.വ.പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കാലയളവിൽ ഭരണഭാഷാ മാറ്റത്തിന് ഉതകുംവിധമുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുവാൻ ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു.

1. മലയാള ദിനമായ നവംബർ 1 (തിങ്കളാഴ്ച) രാവിലെ 11-ന് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും ഓഫീസ് തലവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഭരണഭാഷാ സമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെ ചേർക്കുന്ന ഭരണഭാഷാ പ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതാണ്.

   "മലയാളം എന്റെ മാതൃഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയേയും കേരള സംസ്ക്കാരത്തേയും ഞാൻ ആദരിക്കുന്നു. ഭരണ നിർവ്വഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവ്വത്രികമാകുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും."

2. സ്കൂളുകളിൽ മലയാള ദിനത്തിൽ ചേരുന്ന അസംബ്ലിയിൽ മലയാളം മാതൃഭാഷയാക്കിയിട്ടുള്ള അദ്ധ്യാപകരും വിദ്യാർത്ഥികളും താഴെ ചേർക്കുന്ന ഭാഷാ പ്രതിജ്ഞയെടുക്കേണ്ടതാണ്.

"മലയാളം എന്റെ മാതൃഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയേയും കേരള സംസ്കാരത്തേയും ഞാൻ ആദരിക്കുന്നു. മലയാളത്തിന്റെ വളർച്ചയ്ക്കുവേണ്ടി എന്റെ കഴിവുകൾ ഞാൻ വിനിയോഗിയ്ക്കും."

3. ഭരണ ഭാഷാ വാരാഘോഷ കാലത്ത് ഓഫീസുകളിലും സ്കൂളുകളിലും ആഘോഷം സംബന്ധിച്ച ബാനറുകളും പോസ്റ്ററുകളും പ്രദർശിപ്പിക്കേണ്ടതാണ്.

**<u>ബാനറിന്റെ മാതൃക</u>**

| |
|---|
| **മലയാള ദിനാഘോഷവും ഭരണ ഭാഷാവാരാഘോഷവും 2010**<br>**നവംബർ 1 മുതൽ 7 വരെ** |

4. ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് ഓഫീസുകളിൽ 5 ഇംഗ്ലീഷ് പദങ്ങളും സമാന മലയാളപദങ്ങളും എഴുതിയ ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.
5. മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സംബന്ധിച്ച് താങ്കളുടെ കീഴിലുള്ള ഓഫീസുകളിൽ/സ്കൂളുകളിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ അതാത് ഉപ ഡയറക്ടർമാർ സമാഹരിച്ച് റിപ്പോർട്ട് തയ്യാറാക്കി ഉടൻ തന്നെ ഈ ഡയറക്ടറേറ്റിൽ നൽകേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരക്കും.
ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
പരീക്ഷാഭവൻ/ടെക്സ്റ്റ് ബുക്ക് ഓഫീസർ.

എ.എസ്/19.10.